ശ്രീ. കെ. കരുണാകരൻ : അലവൻസു നിഷേധിക്കുന്നതിൽ കിട്ടിയ തുക ശമ്പള ക്ലേശതലായി ആക്കിക്കിട്ടിയും കൊടുത്തിട്ടുണ്ടോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങനെ അനുവദിച്ചിട്ടുള്ളതായി ഇപ്പോൾ ഓർമ്മയില്ല.

വനങ്ങളിലെ തടി മോഷണം

*൨൩൫൬. (൧൦) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വനങ്ങളിൽനിന്നും സർക്കാർവകയും മറ്റും തടികൾ ധാരാളം മോഷ്ടിച്ചുകൊണ്ടുപോകുന്നു എന്ന പ്രസ്താവനകൾ ഉള്ളതു വാസ്തവമാണൊ;

(ബി) ഫ്ലൈയിംഗ് സ്ക്വാഡ്-ൽ മേല്പറഞ്ഞവിധം ഏതെങ്കിലും മോഷണങ്ങൾ കണ്ടുപിടിച്ചിട്ടുണ്ടോ;

(സി) ഈ ഇനത്തിൽ ഒരാൾ ലേലത്തിൽ പിടിച്ച തടി നീക്കംചെയ്യുന്നതിനുമുമ്പേ മോഷണം പോയതായുള്ള പ്രസ്താവന ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ധാരാളമായി മോഷ്ടിച്ചുകൊണ്ടുപോകുന്നു എന്നുള്ള പ്രസ്താവന ശരിയല്ല. മോഷണം ചിലപ്പോൾ ചിലസ്ഥലങ്ങളിൽ ഉണ്ടാകുന്നുണ്ട്.

(ബി) ഫ്ലൈയിംഗ്-ൽ തിരുവിതാംകൂറിൽ ൧൦ വ്യത്യ കേസുകളും കൊച്ചിയിൽ ൨൨൫ കേസുകളും കണ്ടുപിടിച്ചിട്ടുണ്ട്.

(സി) ഇല്ല.

ബൂച്ചുകമ്മിറ്റി റിപ്പോർട്ട്

*൨൩൫൭. (൧൧) ശ്രീ. പി. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) ബൂച്ചുകമ്മിറ്റി റിപ്പോർട്ടിന്റെ അച്ചടി പൂർത്തിയായിട്ടുണ്ടോ;

(ബി) പൂർത്തിയായിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണു് ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അച്ചടി പൂർത്തിയാകാറായിരിക്കുകയാണു്. രണ്ടുദിവസത്തിനകം ബൂച്ചുകമ്മിറ്റി റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതാണു്.

ജനനത്തീയതി തിരുത്തൽ

*൨൩൫൮. (൧൨) ശ്രീ. പി. നാണു : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

ജനനത്തീയതി തിരുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെമേൽ ഗവൺമെന്റിൽനിന്നും എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : നടപടി നടത്തിയിട്ടുണ്ടു്.

ശ്രീ. പി. നാണു : ആരുടെയെല്ലാം പേരിലാണു് നടപടികൾ നടത്തുന്നതു് ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. നാണു : വിദ്യാഭ്യാസഡയറക്ടരായിരുന്ന മി. ടി. കെ. കോശിയുടെ പേരിൽ നടപടിയെടുത്തു എന്നു പറഞ്ഞുവല്ലോ. അതു് ഏതുനിലയിൽ ഇരിക്കുന്നു എന്നു പറയാമോ ?

ബഹു. ശ്രീ ടി. കെ. നാരായണപിള്ള : അതു് ഈ നിലയിൽ പ്രസിദ്ധപ്പെടുത്തുന്നതു പബ്ലിക്ക് ഇൻറെറസ്റ്റിനു് ഉചിതമാണെന്നു തോന്നുന്നില്ല.

ബൂച്ചുകമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളും അവ നടപ്പിൽ വരുത്തുന്ന ദിവസവും

*൨൩൫൯. (൧൩) ശ്രീ. പി. നാണു : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) ബൂച്ചുകമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ എന്നുമുതൽ ഗവൺമെന്റു നടപ്പാക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly